യോഹ. 8:1-11

**നോമ്പ് അഞ്ചാം ഞായർ**

**2024 മാർച്ച് 10**

**ഡോ. ബാസ്റ്റിൻ കിഴക്കേറ്റം**

വചനഭാഷ്യം

# പാപിനിക്ക് രക്ഷ

എസെക്കിയേൽ ഒന്നാം അധ്യായത്തിന്റെയും വെളിപാട് നാലാം അധ്യായത്തിന്റെയും സഭാ പിതാക്കന്മാരുടെ പ്രാർത്ഥനാനിർഭരമായ മനനത്തിന്റെയും വെളിച്ചത്തിൽ വി. മത്തായി, വി. മർക്കോസ്, വി. ലൂക്കാ, വി. യോഹന്നാൻ എന്നീ സുവിശേഷകന്മാർക്ക് യഥാക്രമം മനുഷ്യൻ, സിംഹം, കാള, കഴുകൻ എന്നീ പ്രതീകങ്ങൾ നല്കപ്പെട്ടിട്ടുള്ളത് സുവിദിതമാണ്. ഇതിൽ വി. യോഹന്നാന് നല്കപ്പെട്ട 'കഴുകൻ' എന്ന പ്രതീകം തികച്ചും അർത്ഥവത്താണ്. കാരണം മറ്റ് മൂന്ന് സുവിശേഷങ്ങളിലും അവതരിപ്പിക്കാത്ത കാര്യങ്ങൾ സൂക്ഷ്മതയോടെയും, വ്യത്യസ്തമായ ശൈലിയിലും അപഗ്രഥിച്ചുകൊണ്ട് അതിന് പല അർത്ഥതലങ്ങളും നല്കിക്കൊണ്ട് രചന നടത്തുവാനുള്ള സവിശേഷ സിദ്ധി യോഹന്നാന് ഉണ്ടായിരുന്നതായി കാണാം.

നമ്മുടെ വിചിന്തന വിഷയമായ യോഹന്നാൻ 8:1-11 തന്നെ ഉദാഹരണമായി എടുക്കാം. സമാന്തര സുവിശേഷങ്ങൾ (Synoptic Gospels) എന്നറിയപ്പെടുന്ന വി. മത്തായി, വി. മർക്കോ, വി. ലൂക്കാ സുവിശേഷങ്ങളിൽ ഈ ഭാഗം കാണുന്നതേയില്ല. Novum Testamentum Graece (Nestle-Aland) തുടങ്ങിയ Scholarly Editions-ൽ നിന്ന് ലഭിക്കുന്ന വിവരണനുസരിച്ച് വി. യോഹന്നാന്റെ സുവിശേഷത്തിന്റെ തന്നെ ഏറ്റവും പഴക്കമുള്ള പല കയ്യെഴുത്തു പ്രതികളിലും ഈ ഭാഗം കാണുന്നില്ല. എന്നാൽ Codex Bezae യിൽ (ഏകദേശം 400 എ.ഡി) ഈ ഭാഗം ഉണ്ട് എന്നതു ശ്രദ്ധേയമാണ്.

ആദ്യകാലത്ത് കയ്യെഴുത്ത് പ്രതികളിൽ ഇല്ലാതിരുന്നതും കാലക്രമേണ കൂട്ടിച്ചേർക്കപ്പെട്ടതുമാണ് യോഹന്നാൻ 7:53, 8:11 എന്നാണ് പണ്ഡിതമതം. പഴക്കമുള്ള പല കയ്യെഴുത്തു പ്രതികളിലേയും വാക്കുകളോ വാക്യങ്ങളോ എടുത്തു മാറ്റുകയോ കൂട്ടിച്ചേർക്കുകയോ, രൂപാന്തരം നടത്തുകയോ ചെയ്തിട്ടുണ്ട്. Pericope Adulterae എന്നറിയപ്പെടുന്ന ഈ സുവിശേഷഭാഗത്തിന്റെ ഒരേ പോലെയുള്ള കയ്യെഴുത്തു പ്രതികൾ തുലോം തുച്ഛമാണ് എന്ന് Nestle - Aland -ന്റെ critical apparatus വ്യക്തമാക്കുന്നു.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവൾ (യോഹ. 8:5) എന്ന് ആരോപിച്ച് ആൾക്കൂട്ടം അവളെ അവന്റെ മുമ്പിൽ കൊണ്ടുവന്ന്, മോശയുടെ നിയമം (ലേവ്യർ 20:10) ഉദ്ധരിച്ചപ്പോൾ പോലും ഒരു സ്ത്രീക്ക് ഒറ്റയ്ക്ക് വ്യഭിചാരം ചെയ്യാനാകില്ല എന്ന തികഞ്ഞ യുക്തിബോധം ഒന്നുമാത്രമാണ് "നിങ്ങളിൽ പാപമില്ലാത്തവൻ കല്ലെറിയട്ടെ" (യോഹ. 8:7-8) എന്ന് നിവർന്ന് അവരുടെ മുഖത്തു നോക്കി ചോദിക്കുവാൻ അവന് ആത്മധൈര്യം നല്കിയത്. ഈശോയും ആ

സ്ത്രീയും നിലത്ത് ഏതാനും കല്ലുകളും മാത്രം അവശേഷിച്ചു എന്നത് ചരിത്രം. നിയമത്തിന് അപ്പുറം മാനവീകതയ്ക്ക് ഊന്നൽ നല്കുന്ന ക്രിസ്തുവ്യക്തിത്വം ഇവിടെ വ്യക്തമാകുന്നു.

അവൻ നിലത്തെഴുതിയതിനെക്കുറിച്ച് (യോഹ. 8:5) മനുഷ്യഭാവനയും അതിശയോക്തിയും കലർന്ന വിവരണങ്ങളിൽ തിരുവചനത്തിനു പുറമേ പല യിടത്തും കാണുന്നതും വിസ്മരിക്കുന്നില്ല. ഒരുപക്ഷേ, ഒരർത്ഥത്തിൽ എല്ലാ വരും പാപികളാണ് എന്ന ബോധ്യമുള്ളതു കൊണ്ടാവാം അവൻ നിശബ്ദ നായി ഇരുന്നത്.

കൂടാതെ ഈ സുവിശേഷഭാഗത്ത് (യോഹ. 8:1) ഒലിവു മലയിൽ നിന്നാണ് ഈശോ ജറുസലേം ദേവാലയത്തിലേക്ക് വരുന്നത്. ലോകത്തിന്റെ പാപങ്ങൾ നീക്കാൻ വന്ന ദൈവത്തിന്റെ കുഞ്ഞാടിന്റെ (യോഹ. 1:29) രക്ഷാ കര കർമ്മത്തിന്റെ കേന്ദ്ര ഭാഗമായ പീഡാസഹനം യഥാർത്ഥത്തിൽ ആരംഭി ക്കുന്നത് കാൽവരിയിൽ അല്ല, മറിച്ച് സുഹൃത്തും ശിഷ്യനുമായ യൂദാസ് സ്കറി യോത്ത ചുംബനം നല്കി ഒറ്റിക്കൊടുത്ത ഒലിവു മലയിലാണ്.

ഞാൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ല, രക്ഷിക്കാനാണ് (യോ ഹ. 12:47), “അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീ വൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു” (യോഹ. 3:16) എന്ന തിരുവെ ഴുത്തുകൾ അന്വർത്ഥമാക്കിക്കൊണ്ടാണ് “ഞാനും നിന്നെ വിധിക്കുന്നില്ല, പൊയ്ക്കൊള്ളുക മേലിൽ പാപം ചെയ്യരുത്” (യോഹ. 8:11) എന്ന ക്രിസ്തു വാക്യത്തോടെയാണ് ഈ ഭാഗം അവസാനിക്കുന്നത്.

കയ്യെഴുത്തു പ്രതികളുടെ വൈവിധ്യവും വൈരുദ്ധ്യവും എന്തുതന്നെ യായാലും വി. യോഹന്നാന്റെ സുവിശേഷത്തിന്റെ പൊതുശൈലിക്കും ആശ യത്തിനും ചേരുന്ന വിധത്തിൽ തന്നെയാണ് ഈ ഭാഗം ഉൾച്ചേർത്തിട്ടുള്ളത്. ചുരുക്കത്തിൽ വായനക്കാരന് പ്രകാശവും പ്രത്യാശയും പ്രചോദനവും നല്കു ന്നതാണ് ഈ ഭാഗം (യോഹ. 8:1-11) എന്ന് സംശയലേശമെന്യേ പ്രസ്താവി ക്കാനാകും. ✦